LIBRARY ARCHIVES Kerala Legislative Assembly

ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിവഴി പഞ്ചായത്തുകളിലെ പ്രവൃത്തികൾ

68 (1467) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ഹിൽ ഏര്യ ഡവലപ്മെന്റ് ഏജൻസിവഴി ഏതെല്ലാം പഞ്ചായത്തുകളിൽ എന്തൊക്കെ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത് ;

(ബി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വെളിപ്പെടുത്തുമോ ;

(സി) ചക്കിട്ടപാറ ഗ്രാമപഞ്ചായത്തിലെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിച്ച പ്രവൃത്തികൾ റദ്ദ് ചെയ്യുകയോ നിർത്തിവക്കുകയോ ചെയ്യാനുള്ള ഉത്തരവ് സർക്കാർ നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിൽ ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസിവഴി ഫണ്ട് അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ പട്ടികയും പുരോഗതിയും അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി&ഡി) മലയോര വികസന ഏജൻസിയിൽനിന്നും ഉത്തരവ് നൽകിയിട്ടുണ്ട്. പൊതുജന ആക്ഷേപം ഉണ്ടായതിന്റെ വെളിച്ചത്തിലാണ് ഉത്തരവ് നൽകിയിട്ടുള്ളത്.

ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി

69 (1468) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഏര്യാ ഡവലപ്മെന്റ് ഏജൻസി എന്നാണ് രൂപീകരിച്ചത് ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, ഘടനാരൂപം, പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നത് ആരാണ് എന്നിവ വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.